# പെണ്ണിൻെറ ചെലവിൽ വിലസുന്നവർ

വഴിയിൽവെച്ച് എന്നെ കണ്ടപ്പോൾ തൻെറ മകളുടെ കല്യാണത്തെപ്പറ്റി ഒന്നുംകൂടി ഓർമ പ്പെടുത്തിക്കൊണ്ട് അവർ പറഞ്ഞു: "പരിപാടി മറക്കര്ത്. ഇങ്ങളൊക്കെത്തന്നേണ് അത് നടത്തിത്തരേണ്ടത്."

"ഒരുക്കങ്ങളൊക്കെ എന്തായി?" ഞാൻ തിരക്കി.

"എന്താകാനാ മാഷേ? സ്വർണം 40 പവൻ ഒപ്പിക്കണം. ഒരു ലക്ഷം ഉറുപ്പികേം കൊടു ക്കണം. ഞാനൊരുത്തി ഉണ്ടാക്കണ്ടെല്ലോ അതൊക്കെ. ഇൻക്ക് ജോലിയൊന്നൂല്ല. അതിന്ള്ള സ്വത്തുംല്യ. പണി തീരാത്ത ആ പൊര അല്ലാതെ എന്താ ൻെറട്ത്ത്ള്ളത്? പിന്നെ ഞാനെ ങ്ങനെ ഇത്രേം സംഖ്യ ഒപ്പിക്കും. എന്താ ചെയ്യാന്ന് ഇൻക്ക് അറിലാ. കുട്ട്യാളെ ബാപ്പ ണ്ടായിര്ന്നെങ്കി ഞാനിതൊന്നും അറിയേണ്ടീര്ന്നില്യ. ഇൻെറ പ്രയാസൊക്കെ പുത്യാപ്പൾക്കും കൂട്ടർക്കും നന്നായിട്ട് അറിയാ. പിന്നെ മോളെ പ്രായത്തെപ്പറ്റി ഓർത്തപ്പം അങ്ങട്ട് സമ്മതിച്ചതാ. ഇനീം ണ്ട് ഓളെ താഴെ മൂന്നെണ്ണം."

ഏറെ പ്രയാസത്തോടെയാണ് അവരത് അവതരിപ്പിച്ചത്. അതിലേറെ പ്രയാസ ത്തോടെയാണ് ഞാനത്രയും കേട്ടത്. എന്തു ചെയ്യാൻ? ആരെ പഴിക്കണം? സമൂഹം കെട്ടിയേല്പിച്ച നാട്ടാചാരത്തിൻെറ ദുരന്ത ഇരയാണ് അവരെന്ന് എനിക്ക് തോന്നി. അതു പോലെ എത്ര നിസ്സഹായരായ വിധവകൾ? അവരുടെ കണ്ണീരിനും നെടുവീർപ്പിനും വില കല്പിക്കാത്തവരാണ് വിവാഹിതരാകുന്ന യുവാക്കളിൽ അധികവും അവരുടെ രക്ഷിതാ ക്കളും.

പെൺകുട്ടിയുടെ പണം വാങ്ങി വിലസുന്ന യുവാക്കളോട് വല്ലാത്ത പുഛം തോന്നി. അവർക്ക് കൂട്ടുനില്ക്കുന്ന പൗരോഹിത്യത്തോടും നാട്ടാചാരങ്ങളോടുമുള്ള അമർഷം ഏറെ യായിരുന്നു മനസ്സിൽ.

സ്ത്രീധനമാണ് വില്ലൻ.

എത്രയോ യുവതികളുടെ കുടുംബജീവിത സ്വപ്നത്തെ അത് തച്ചുതകർത്തിട്ടുണ്ട്. എത്രയോ രക്ഷിതാക്കളെ അത് ആത്മഹത്യക്ക് പ്രേരിപ്പിച്ചിട്ടുണ്ട്. അതുമൂലം ഒട്ടേറെ പെൺകുട്ടികൾ ഒളിച്ചോടുകയോ ആത്മഹത്യ ചെയ്യുകയോ ചെയ്തിട്ടുണ്ട്? കുടുംബങ്ങളെ നശിപ്പിച്ചിട്ടുണ്ട്.

പുരനിറഞ്ഞു നില്ക്കുന്ന പെൺകുട്ടികളുള്ള രക്ഷിതാക്കളുടെ നെഞ്ചകത്തെ വ്യഥ യളക്കാൻ ലോകത്തെ ഒരു യന്ത്രത്തിനും സാധിക്കില്ല. വിവാഹക്കമ്പോളം ശുദ്ധീകരിക്കാത്ത കാലത്തോളം ഈവക ദുരിതങ്ങൾക്ക് അറുതി വരികയുമില്ല. വിവാഹിതരാകുന്ന യുവാക്കൾ തന്നെയാണ് അതിന് പരിഹാരം.

ധൂർത്തും ആർഭാടവും വെടിഞ്ഞ് തൻെറ വരുമാനത്തിൽ ഒതുങ്ങുന്ന ചെലവു കളോടെ വിവാഹപരിപാടി നടത്താൻ യുവാക്കൾക്കെന്താണ് പ്രയാസം? സ്ത്രീധനം എന്ന കണ്ണീരിലും ശാപത്തിലും കുതിർന്ന പണത്തിൽനിന്ന് വധുവിന് താലിയും വിവാഹവസ്ത്രവും വാങ്ങുന്ന അഹിത സമ്പ്രദായം അവസാനിപ്പിക്കാൻ യുവാക്കൾക്ക് എന്താണ് പ്രയാസം? പെണ്ണിൻെറ ചെലവിൽ ഒരു ബൈക്കും വാങ്ങി അതിൻെറ പിൻസീറ്റിൽ കെട്ടിയവളെയും ഇരുത്തി ചെത്തിവിലസുന്നത് അഭിമാനകരമല്ലെന്ന് മനസ്സിലാക്കാൻ യുവാക്കൾക്ക് എന്താണ് മടി? കണക്ക് പറഞ്ഞുള്ള ആഭരണവും സ്ത്രീധനവും വാങ്ങി ഞാൻ വിവാഹം കഴിക്കു കയില്ലെന്ന് ദൃഢനിശ്ചയം ചെയ്യാൻ യുവാക്കൾക്കെന്താണ് ഭയം? തൻെറ മകനെക്കൊണ്ട് സ്ത്രീധനമില്ലാതെ വിവാഹം കഴിപ്പിക്കണമെന്ന് നിശ്ചയിക്കാൻ രക്ഷിതാക്കൾക്ക് എന്താണ് പ്രയാസം? അത്തരം ഒരു തീരുമാനത്തിൽ മക്കൾ എത്തിച്ചേർന്നാൽ അതിനോട് സഹ കരിക്കാതിരിക്കാൻ രക്ഷിതാക്കളെ പ്രേരിപ്പിക്കുന്നതെന്ത്?

ആരോഗ്യവും അഭിമാനവുമുള്ള ചെറുപ്പക്കാർ വിവാഹമെന്ന മഹത്തായ കർമത്തെ വെറുക്കപ്പെട്ട നാട്ടാചാരങ്ങളാൽ ദുഷ്കരമാക്കുന്ന രീതി അവസാനിപ്പിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അവരെ മാത്രം പഴിച്ചതുകൊണ്ട് കാര്യമില്ല. മകൻ സ്ത്രീധനം വാങ്ങി യില്ലെങ്കിൽ കല്യാണം ബഹിഷ്കരിക്കുകയോ അതിനോട് സഹകരിക്കാതിരിക്കുകയോ, ഇനി സഹകരിച്ചാൽ തന്നെ കയറി വരുന്ന പെൺകുട്ടിയോട് അതിൻെറ കണക്ക് തീർക്കുന്ന എത്രയോ രക്ഷിതാക്കളും നമ്മുടെ ഇടയിൽ തന്നെയുണ്ട്.

ഈ രീതി അവസാനിപ്പിക്കണം. വിവാഹരംഗം ലഘുവാകണം. അതൊരു ഭാരമാക രുത്. നാട്ടാചാരങ്ങളും അവയെ താങ്ങിനിർത്താനുള്ള പൗരോഹിത്യത്തിൻെറ വ്യാഖ്യാനങ്ങളും കൃത്രിമമാണ്. അത് വർജിക്കുകയും വിവാഹരംഗത്ത് രക്ഷിതാക്കൾക്ക് ആശ്വാസം നല്കുകയും വേണം.